## അബ്ദുൽ കാസിമിനെ വനം വകുപ്പ് ഉദ്യോഗസ്ഥൻമാർ മർദ്ദിച്ചുവെന്ന പരാതി

151 [416] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴെകാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഐരമൻ വില്ലേജിൽ മുളന്താ ചരിവു പുരയിടത്തിൽ അബ്ദുൽ കാസിം എന്ന അറുപത്തിയഞ്ചു വയസ്സുകാരനെ കോന്നി റെയ്ഞ്ചിലെ ഉദ്യോഗസ്ഥൻമാർ ഭീകരമായി മർദ്ദിച്ചുവെന്നും മറ്റും കാണിച്ച് വല്ല പരാതിയും കിട്ടിയിട്ടുണ്ടോ :

(ബി) ഉണ്ടെങ്കിൽ പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെന്തെന്നു വ്യക്തമാക്കുമോ;

(സി) വിജിലൻസ് ചീഫ് കൺസർവേറ്ററുടെ നിർദ്ദേശപ്രകാരം ഈ ആഗസ്റ്റ് മാസാരംഭത്തിൽ കോന്നി അതൃത്തിയിൽ വല്ല റെയ്ഡും നടത്തുകയുണ്ടായോ;

(ഡി) എങ്കിൽ എന്തെല്ലാം റെയിഡു നടത്തി പിടിച്ചെടുത്തു;

(ഇ) അവയ്ക്ക് മൊത്തം എന്തു വിലവരുമെന്ന് വ്യക്തമാക്കുമോ;

(എഫ്) നിരപരാധിയായ പരാതിക്കാരനെ മർദ്ദിച്ച് അവശനാക്കിയ സംഭവത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെമേൽ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമ്മേളനങ്ങളും സമര പരിപാടികളും നടക്കുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ജി) പരാതിക്കാരനെ അകാരണമായി മർദ്ദിച്ച് അവശനാക്കിയ ഉദ്യോഗസ്ഥൻമാരെ സസ്പെൻറുചെയ്തു ഈ സംഭവത്തെപ്പറ്റി ഒരു ഉന്നത ഉദ്യോഗസ്ഥനെകൊണ്ട് അന്വേഷിപ്പിച്ച് കുറ്റക്കാരുടെ മേൽ കർശന നടപടികൾ സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

### ഉത്തരം

(എ) പരാതി കിട്ടിയിട്ടുണ്ട്.

(ബി) വിജിലൻസ് ചീഫ് കൺസർവേറ്റർക്ക് പരാതി കൊടുത്തതിന്റെ പേരിൽ ആഗസ്റ്റ് 8, 9 എന്നീ തീയ്യതികളിൽ പരാതിക്കാരനെ മർദ്ദിച്ചു എന്നാണ് പരാതിയിൽ പ്രധാനമായി പറഞ്ഞിരിക്കുന്നത്.

(സി) റെയിഡു നടത്തി.

(ഡി), (ഇ) അനധികൃതമായി ശേഖരിച്ചുവച്ചിരുന്ന 39,000 രൂപയുടെ തേക്കുതടികളും ഉരുപ്പടികളും ഒരു മിനി ലോറിയും പിടിച്ചെടുത്തു.

(എഫ്) ഉണ്ട്.

(ജി) അന്വേഷിച്ച് കുറ്റക്കാരാണെന്നു കണ്ടാൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly